# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 127

09/06/2014 - ൽ മറുപടിക്ക്

## തീരദേശ സർവ്വെ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) തീരദേശ സർവ്വെ നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഫിഷറീസ് വകുപ്പ് മുഖേന 2013 വർഷത്തിൽ കേരളത്തിലെ സജീവ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനം സംബന്ധിച്ച് ഒരു സർവ്വെ നടത്തിയിട്ടുണ്ട്. ഫീൽഡ് തല ജോലികൾ പൂർത്തീകരിച്ചു. എന്നാൽ പ്രസ്തുത സർവ്വെയുടെ ഡേറ്റാ എൻട്രി പുരോഗമിക്കുന്നു. കൂടാതെ ഒൻപത് മറൈൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നിലവിൽ മറൈൻ ക്യാച്ച് അസ്സസ്മെന്റ് സർവ്വെ നടന്നു വരുന്നു.<br>കേരളത്തിലെ മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന്റെ ധനസഹായത്താൽ NIRD മുഖേന 2009-10 - ൽ ഒരു പഠനം നടത്തിയിട്ടുണ്ട്. കൂടാതെ 2009-10 ൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള തീരദേശ വാർഡുകളിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പാലക്കാട് ഐ.റ്റി.സി മുഖേന NPR സർവ്വേ നടത്തുകയും തുടർന്ന് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡ് നൽകുകയും ചെയ്തു വരുന്നു. ഇപ്രകാരം 21/05/2014 വരെ 1,25,447 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |

(ബി) സർവ്വെ നടത്തുന്ന ഏജൻസി ആരാണ് ; എന്തൊക്കെ കാര്യങ്ങളാണ് സർവ്വെ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനം, മറൈൻ ക്യാച്ച് അസ്സസ്സ്മെന്റ് സർവ്വെ എന്നിവ ഫിഷറീസ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിംഗിന്റെ സഹായത്തോടെയാണ് നിലവിൽ നടത്തിവരുന്നത്. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക - സാമ്പത്തിക സ്ഥിതി കളിലെ മത്സ്യലഭ്യത, മത്സ്യ ഇനം എന്നിവയെക്കുറിച്ചാണ് ഇപ്പോൾ സർവ്വെ നടത്തുന്നത്.

സെക്ഷൻ ഓഫീസർ.